"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽ ദാന പദ്ധതി - കൊച്ചി കോർപറേഷനിൽ സാനിട്ടേഷൻ വർക്കർ - എൻ.ഡി രമേഷിന്റെ മകൻ ശ്രീ. പ്രമോദ്.എൻ.ആർ. - എൽ ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

G.O.(Ms) No.140/2021/LSGD    തീയതി,തിരുവനന്തപുരം, 14/07/2021

---

പരാമർശം:- 1. 24/05/1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.പ.ഭ.വ നമ്പർ ഉത്തരവ്.

2. ശ്രീ.പ്രമോദ്.എൻ.ആർ. സമർപ്പിച്ച 27.04.2017 തീയതിയിലെ അപേക്ഷ.

3. നഗരകാര്യ ഡയറക്ടറുടെ 24.11.2017 തീയതിയിലെ ഇ4-14115/2017 നമ്പർ കത്ത്.

4. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം.5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
.

5. എറണാകുളം ജില്ലാ കളക്ടറുടെ 05.05.2020 തീയതിയിലെ ഇ5-158464/18 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കൊച്ചി കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 24.10.2016 തീയതിയിൽ മരണപ്പെട്ട എൻ.ഡി.രമേഷിന്റെ മകൻ ശ്രീ പ്രമോദ്.എൻ.ആർ (നികർത്തിൽ വീട് , പള്ളുരുത്തി , കൊച്ചി-6, എറണാകുളം) അപേക്ഷ സമർപ്പിച്ചിരുന്നു. എൻ ഡി രമേഷിന്റെ സേവനകാലം 4 വർഷം 10 മാസം 24 ദിവസവുമാണ് പരേതന്റെ ജനന തീയതി , സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 27.02.1969 ഉം , 02.12.2011 ഉം ആണ്. നഗരകാര്യ ഡയറക്ടറും എറണാകുളം ജില്ലാ കളക്ടറും അപേക്ഷകന് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2.അപേക്ഷകൻ പ്ലസ് ടു വിജയിച്ചിട്ടുണ്ട്. ടിയാന്റെ ജനന തീയതി 19.01.1996 ആണ്. ടിയാൻ ജോലി ലഭിക്കുന്നതിനായി നിശ്ചിത സമയ പരിധിക്കുള്ളിൽ (27.04.2017) അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകനും കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ അപേക്ഷകനായ ശ്രീ.പ്രമോദ്.എൻ.ആർ-ന് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 84,000/-

രൂപയാണെന്ന് (എൺപത്തിനാലായിരം രൂപ മാത്രം) രാമേശ്വരം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൻ സമർപ്പിച്ചിട്ടുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊച്ചി കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 24.10.2016 തീയതിയിൽ മരണപ്പെട്ട എൻ.ഡി.രമേഷിന്റെ മകൻ ശ്രീ .പ്രമോദ്.എൻ.ആർ. ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കൊച്ചി കോർപ്പറേഷനിലോ എറണാകുളം ജില്ലയിലെ ഏതെങ്കിലും നഗരസഭയിലോ എൽ. ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ, ടി തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ ടി ആശ്രിത നിയമനം അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതിനുള്ള അവകാശം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Remani Mathew

Additional Secretary

<u>പകർപ്പ്</u>

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി,കൊച്ചി കോർപറേഷൻ

ജില്ലാ കളക്ടർ , എറണാകുളം.

ശ്രീ പ്രമോദ്.എൻ.ആർ, നികർത്തിൽ വീട് , പള്ളുരുത്തി , കൊച്ചി-6, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/307/2017-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ